(സി) 1998-99 വർഷം സംസ്ഥാനാവിഷ്കൃത പദ്ധതികൾ നടപ്പാക്കാൻ പട്ടികജാതി വികസന വകുപ്പിൽ നിന്നും 6382 ലക്ഷം രൂപയും പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും 766 ലക്ഷം രൂപയും ത്രിതല പഞ്ചായത്തുകൾക്ക് നൽകിയിരുന്നു. ഇതിനു പുറമേ 19500 ലക്ഷം രൂപയും 3900 ലക്ഷം രൂപയും യഥാക്രമം ഗ്രാന്റ്-ഇൻ-എയ്ഡായി നൽകിയിട്ടുണ്ട്.

(ഡി) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഇവ നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികൾ ജില്ലാതലത്തിൽ ജില്ലാ പ്ളാനിംഗ് കമ്മിറ്റിയുടെ സബ്കമ്മിറ്റി വിലയിരുത്തുന്നുണ്ട്. തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള തുക ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടോ എന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും, ജില്ലാ കളക്ടർ മെമ്പർ സെക്രട്ടറിയുമായിട്ടുള്ള ജില്ലാതല എസ്.സി.എസ്.റ്റി കമ്മിറ്റി പരിശോധന നടത്തുന്നു. സംസ്ഥാനതലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പു ഡയറക്ടറും വകുപ്പു സെക്രട്ടറിയും മന്ത്രിയും ക്ഷേമ പരിപാടികൾ വിലയിരുത്തുന്നുണ്ട്.

(ഇ) പദ്ധതികളുടെ നടത്തിപ്പ് ഓരോ വർഷം കഴിയുത്തോറും മെച്ചപ്പെട്ടുവരുന്നതായി വിലയിരുത്തി. അപൂർവ്വമായി മാത്രമേ ഫണ്ട് വകമാറ്റി ചെലവഴിച്ചതായോ, ദുർവ്വിനിയോഗം ചെയ്തതായോ പരാതിയുണ്ടായിട്ടുള്ളൂ. വീട്, കുടിവെള്ളം, വൈദ്യുതി, നടപ്പാതകൾ തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾക്ക് പഞ്ചായത്തുകൾ പദ്ധതി രൂപീകരിക്കുകയും, നടപ്പിലാക്കുന്നതായി അവലോകനത്തിൽ വെളിവായിട്ടുണ്ട്. ഭൂരിപക്ഷം പഞ്ചായത്തുകളും ട്രൈബൽ സബ് പ്ളാൻ ഫണ്ട് പൂർണ്ണമായും വിനിയോഗിച്ചിട്ടുള്ളതായും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ചില പഞ്ചായത്തുകൾ പൊതു ഫണ്ടിൽ നിന്നും പട്ടികജാതി/പട്ടികവർഗ്ഗക്ഷേമ പദ്ധതികൾക്ക് ചെലവാക്കിയിട്ടുള്ളതായും കണ്ടിട്ടുണ്ട്.

(എഫ്) ജില്ലാതല എസ്.സി.എസ്.റ്റി. കമ്മിറ്റി ഇത്തരത്തിലുള്ള അവലോകനം ജില്ലാതലത്തിൽ നടത്തുന്നുണ്ട്. കൂടാതെ ജില്ലാ കളക്ടർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡവലപ്പമെന്റ് കമ്മീഷണർ, ജില്ലാതല എസ്.സി.എസ്.റ്റി വകുപ്പുകളിൽ ഉദ്യോഗസ്ഥൻമാർ എന്നിവർ ചേർന്നു തദ്ദേശ സ്ഥാപനങ്ങളിലെ പ്രത്യേക ഘടക പദ്ധതി, ഗിരിവർഗ്ഗ ഉപപദ്ധതി എന്നിവയുടെ നടത്തിപ്പ് അവലോകനം ചെയ്യുന്നുണ്ട്.

ആദിവാസി ക്ഷേമ പദ്ധതികൾ

22 (*52) ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എ. കണാരൻ :
ശ്രീ. വി .കെ. ചന്ദ്രൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആദിവാസികളുടെ ക്ഷേമത്തിനു വേണ്ടി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനു വേണ്ടി 1999-2000 വർഷത്തിൽ എന്തു തുക നീക്കിവച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ആദിവാസികളുടെ ക്ഷേമത്തിനു വേണ്ടി നടപ്പിലാക്കുന്ന പദ്ധതികളുടെ പ്രയോജനം അവർക്ക് തന്നെ ലഭ്യമാക്കുന്നതിന് സർക്കാർ തലത്തിൽ എന്തെങ്കിലും പരിശോധന നടത്താറുണ്ടോ;

(ഡി) വിവിധ പദ്ധതികൾ മുഖേന നടപ്പാക്കുന്ന ക്ഷേമ പ്രവർത്തനങ്ങളുടെ നടത്തിപ്പിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ ക്രമക്കേടുകൾ നടത്തുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(ഇ) ഇത്തരം പരാതികളുടെ അടിസ്ഥാനത്തിൽ സർക്കാർ തലത്തിൽ അന്വേഷണം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(എഫ്) വയനാട് ജില്ലയിൽ മാനന്തവാടി, കൽപ്പറ്റ, സുൽത്താൻ ബത്തേരി എന്നിവിടങ്ങളിൽ നടന്ന സാമ്പത്തിക ക്രമക്കേട് സംബന്ധിച്ച് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് വ്യക്തമാക്കുമോ ?

പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) സംസ്ഥാനത്തെ പട്ടിക വർഗ്ഗക്കാരുടെ ക്ഷേമത്തിനുവേണ്ടി ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം, പാർപ്പിട സൗകര്യങ്ങൾ ഇവ ലഭ്യമാക്കുക, ഇവർ വസിക്കുന്നസങ്കേതങ്ങളിൽ റോഡ്, കുടിവെള്ളം, വൈദ്യുതി എന്നീ അടിസ്ഥാന സൗകര്യങ്ങൾ എത്തിക്കുക, സാമ്പത്തിക ഉന്നമനത്തിനുള്ള പരിപാടികൾ നടപ്പാക്കുക, അവർക്കെതിരെയുള്ള അതിക്രമങ്ങൾ, ചൂഷണങ്ങൾ, ഇവയിൽ നിന്നും മോചനം നൽകുക തുടങ്ങിയ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

(ബി) നീക്കിവച്ച തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

(രൂപ ലക്ഷത്തിൽ)

1. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിഹിതം	:	1693.24
2. പട്ടികവർഗ്ഗ വികസന വകുപ്പിന്റേയും കിർത്താഡ്സിന്റേയും പദ്ധതിയേതര വിഹിതം	:	1451.55
3. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ്	:	4000.00
4. മറ്റു വകുപ്പുകൾക്കുള്ള സഞ്ചിതനിധി	:	745.00
		7920.65

(സി) ഉണ്ട്.

(ഡി) ക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിൽ വകുപ്പിലെ ചില ഉദ്യോഗസ്ഥൻമാർ ക്രമക്കേട് കാണിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) പരാതികളുടെ അടിസ്ഥാനത്തിൽ നിരവധി ഉദ്യോഗസ്ഥൻമാരുടെ പേരിൽ സർക്കാർ അന്വേഷണം നടത്തുകയും അച്ചടക്ക നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) വയനാട് ജില്ലയിൽ പദ്ധതി നടത്തിപ്പിൽ ഉണ്ടായിട്ടുള്ള സാമ്പത്തിക ക്രമക്കേടുകൾ വിജിലൻസ്, ഫൈനാൻസ് ഇൻസ്പെക്ഷൻ വിംഗ്, പട്ടികവർഗ്ഗ വികസന വകുപ്പ് തുടങ്ങിയ ഏജൻസികൾ മുഖേന അന്വേഷിക്കുകയും, കുറ്റക്കാരെന്ന് കണ്ടവരുടെ പേരിൽ കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നുണ്ട്.

പിന്നോക്കക്ഷേമ വകുപ്പ് രൂപീകരണം

23 (*53) ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പിന്നോക്ക ക്ഷേമത്തിനു വേണ്ടി വകയിരുത്തുന്ന തുക ഒരു പ്രത്യേക വകുപ്പു തന്നെ രൂപീകരിച്ച് ചെലവാക്കണമെന്ന് കേന്ദ്ര നിർദ്ദേശം എന്നാണ് ലഭിച്ചത് ; ഈ വകുപ്പ് അനുവദിച്ച് ഉത്തരവായത് എന്നാണ് ;

(ബി) ഈ വകുപ്പിന്റെ ഡയറക്ടറെയും മറ്റ് ഉദ്യോഗസ്ഥൻമാരെയും നിയമിച്ചിട്ടുണ്ടോ ; എങ്കിൽ എന്ന് ;

(സി) മറ്റു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ഇതിനു വേണ്ടി പ്രത്യേക വകുപ്പുകൾ അനുവദിച്ചു പ്രവർത്തിക്കാൻ തുടങ്ങിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കേരളത്തിൽ പിന്നോക്ക ക്ഷേമ വകുപ്പിന്റെ പ്രവർത്തനം തുടങ്ങാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കുമോ ?

പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) അങ്ങനെയൊരു നിർദ്ദേശം ലഭിച്ചിട്ടില്ല. 16-10-1999-ലെ ജി.ഒ.(എം.എസ്) നമ്പർ 93/99/പജപവവിവ പ്രകാരം പിന്നോക്ക വിഭാഗക്ഷേമ വകുപ്പ് രൂപീകരിച്ച് ഉത്തരവായി.

(ബി) ഇല്ല.

(സി) ഉണ്ട്.

(ഡി) പിന്നോക്കക്ഷേമ വകുപ്പിന്റെ പ്രവർത്തനം കഴിവതും വേഗം ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

കുര്യാർകുറ്റി-കാരപ്പാറ ജലസേചന പദ്ധതി

24 (*54) ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ടി.എം.ജേക്കബ് :
ശ്രീ. ആർ. ബാലകൃഷ്ണ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly